പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 493 29.01.2019 ലെ മറുപടിക്ക്

**കയർ ബോർഡിന്റെ സാമ്പത്തികനേട്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനും മറ്റ് പ്രവൃത്തികൾക്കുമായി ആകെ എത്ര രൂപയുടെ കയർ നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇതുവഴി എത്ര ശതമാനം തുക കയർ ബോർഡിന് അധികം സമാഹരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനും മറ്റ് പ്രവർത്തികൾക്കുമായി കയർബോർഡിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 48,59,262/- രൂപയുടെ കയർ വിൽക്കാനും ഇതിലൂടെ 2,68,321.60/- രൂപയുടെ വരുമാനം നേടുവാനും കഴിഞ്ഞിട്ടുണ്ട്. അതേസമയം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 2016-17 മുതൽ നാളിതുവരെ 25,56,72,586/-രൂപയുടെ കയർ ഭൂവസ്ത്ര വ്യാപാരം നടത്തിയിട്ടുണ്ട്. |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാരോ വഴിയുള്ള പദ്ധതി പ്രകാരമല്ലാതെ എത്ര തുക ഈ സർക്കാരിന്റെ കാലത്ത് കയർബോർഡിന് സമാഹരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; ഈ ഇനത്തിൽ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) സർക്കാരോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ വഴിയുള്ള പദ്ധതി പ്രകാരമല്ലാതെ 37,06,446/- രൂപയുടെ കയർ ഭൂവസ്ത്രം വില്പന നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ഈയിനത്തിൽ 1,56,887/- രൂപയുടെ വരുമാനം നേടുവാനും കഴിഞ്ഞിട്ടുണ്ടെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ